അബ്ദുല്ല മൻഹാം

# ഖുർആനിലെ പക്ഷികൾ

നമുക്ക് സുപരിചിതമായ കുറെ ജീവികളെ ഖുർആൻ പരാമർശിക്കുന്നുണ്ട്. മൃഗങ്ങളും പക്ഷികളും മറ്റു പ്രാണികളും അതിലുൾപ്പെടും. ഖുർആൻ പരാമർശിച്ച പക്ഷികളും ചിറകുകളുള്ള ചെറു ജീവികളുമാണ് ഈ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷികളുടെ പറക്കാനുള്ള കഴിവിനെക്കുറിച്ചും ആകാശത്തിൽ അനായാസം പറക്കാനുള്ള കഴിവു നൽകിയ അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെക്കുറിച്ചും സൂചിപ്പിക്കുന്ന ഈ സൂക്തം ശ്രദ്ധിക്കുക.

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا
ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ

(തങ്ങൾക്ക് മീതെ, ചിറകുവിരുത്തിയും ചുരുട്ടിയും പറക്കുന്ന പക്ഷികളെ ഇവർ കാണുന്നില്ലേ? കരുണാമയനായ സ്രഷ്ടാവല്ലാതെ മറ്റാരും അവയെ പിടിച്ചുനിർത്തുന്നില്ല. അവൻ എല്ലാം കാണുന്നവനല്ലോ - 67:19). *അന്നഹ്ൽ* അധ്യായ ത്തിലെ 79 -ാം സൂക്തവും നോക്കുക

أَلَمْ يَرَوْا۟ إِلَى ٱلطَّيْرِ مُسَخَّرَٰتٍ فِى جَوِّ ٱلسَّمَآءِ مَا يُمْسِكُهُنَّ إِلَّا ٱللَّهُ ۗ إِنَّ فِى
ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ

പക്ഷിക്ക് **طَائِرٌ** എന്നാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്ന പദം. ദുശ്ശകുനം എന്നും ഈ പദത്തിന് അർഥമുണ്ട്.

**طَائِرٌ (ج) طَيْرٌ**

**اَلطَّيْرُ** എന്ന് ( ال ) ചേർത്ത് 15 ആയത്തുകളിൽ കാണാം. ഉദാഹരണത്തിന് 2:260, 3:49, 12:36, 38:19, 67:19 എന്നിവ നോക്കുക. ചിറകുള്ള ഏഴു ജീവികളുടെ പേരുകൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആവർത്തനവും കൂടി പരിഗണിക്കുമ്പോൾ 10 പദങ്ങൾ ഈ ഗണത്തിൽ പെടുന്നു. അവ അക്ഷരമാല ക്രമത്തിൽ താഴെ:

| പദം | അർഥം | ആയത്ത് |
|---|---|---|
| اَلْجَرَادُ | വെട്ടുകിളി (locust) | 7:133 |
| اَلذُّبَابُ | ഈച്ച | 22:73 |
| اَلسَّلْوَى | സൽവ (salva) | 2:57, 7:160, 20:80 |
| اَلْغُرَابُ | കാക്ക (Raven/Crow) | 5:31(2) |
| اَلنَّحْلُ | തേനീച്ച | 16:68 |
| اَلْهُدْهُدُ | ഉപ്പൂപ്പൻ (Hoopoe) | 27:20 |
| بَعُوضَةٌ | കൊതുക് (Gnat, mosquito) | 2:26 |

**സ്ത്രീലിംഗം:**

നാമങ്ങളിൽ പുല്ലിംഗവും സ്ത്രീലിംഗവും ഉണ്ടല്ലോ. നാമത്തിന്റെ അവസാനം ഒരക്ഷരം ചേർത്താൽ സ്ത്രീലിംഗമാക്കാം. മിക്ക നാമങ്ങളിലും ഇത് മതിയാവും. ة(ത) എന്നതാണ് ആ അക്ഷരം. കെട്ടുള്ള 'ത' എന്ന് ചിലർ പറയാറുണ്ട്. ت (ത) എന്ന സാധാരണ ت യിൽനിന്ന് വേർതിരിക്കാനാണ് ആ പേര്. ة യെ നമുക്ക് പെൺകുട്ടികൾ ധരിക്കുന്ന മുഖമക്കന (മഫ്ത) യാണെന്ന് സങ്കൽപ്പിക്കാം. ഏകവചനത്തിലാണ് ة ചേരുക. ബഹുവചനമാവാൻ ة നീക്കം ചെയ്ത് (ات) എന്ന രണ്ടക്ഷരങ്ങൾ ചേർക്കണം (അലിഫും തായും).

താഴെ കൊടുത്ത പട്ടികയിൽ ഉദാഹരണസഹിതം ഇത് വ്യക്തമാക്കാം.

| നാമം | സ്ത്രീലിംഗം ഏകവചനം | സ്ത്രീലിംഗം ബഹുവചനം | ആയത്ത് |
|---|---|---|---|
| مُسْلِمٌ<br>അനുസരണയുള്ളവൻ | مُسْلِمَةٌ<br>(مُسْلِمٌ + ة) | مُسْلِمَاتٌ<br>(مُسْلِمٌ + ات) | 33:55 |
| مُؤْمِنٌ<br>വിശ്വാസി | مُؤْمِنَةٌ | مُؤْمِنَاتٌ | 33:55 |
| صَائِمٌ<br>നോമ്പുകാരൻ | صَائِمَةٌ<br>നോമ്പുകാരി | صَائِمَاتٌ | 33:55 |
| صَابِرٌ<br>ക്ഷമാശാലി | صَابِرَةٌ<br>ക്ഷമാശാലിനി | صَابِرَاتٌ | 33:55 |

**പിൻകുറി:**

ഹുദ്ഹുദ് എന്ന വാക്കിന് മരം കൊത്തി എന്നാണ് പരിശോധിച്ച മലയാളം പരിഭാഷകളിൽ കാണുന്നത്. ഇത് ശരിയല്ല. ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം Hoopoe (ഹൂപൂ) എന്നാണ് നൽകിയിരിക്കുന്നത്. ഇതിന് മലയാളത്തിൽ ഉപ്പൂപ്പൻ എന്നാണ് പേര്. ഈ പക്ഷിയുടെ ശാസ്ത്രീയ നാമം upupa Epops എന്നത്രെ. തലയിൽ വിശറി പോലുള്ള കിരീട തൂവലുകൾ ഇതിന്റെ പ്രധാന പ്രത്യേകതയാണ്. തലയും കഴുത്തും ശരീരത്തിന്റെ മുൻ ഭാഗവും ഓറഞ്ച് കലർന്ന തവിട്ടുനിറം. മണ്ണിൽ നിന്നും ഇരയെ കണ്ടെത്തിയാണ് ഭക്ഷണം. പഞ്ചാബിലെ സംസ്ഥാന പക്ഷിയായി അംഗീകരിക്കപ്പെട്ട ഈ പക്ഷി മരംകൊത്തിയായി മനസ്സിലാക്കപ്പെട്ടത് എങ്ങനെയെന്ന് അറിയില്ല.

abdullah.manham@gmail.com